കരവാരം പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1698 [2550] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കരവാരം പഞ്ചായത്തിൽ എത്ര പേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. സാമൂഹ്യ സ്വത്തുക്കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം കരവാരം പഞ്ചായത്തിൽ 49,536 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 432 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

കിളിമാനൂർ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1699 [2551] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കിളിമാനൂർ പഞ്ചായത്തിൽപ്പെട്ട എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിപ്രകാരം തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായി തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിന്റെ കണക്കുകൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം കിളിമാനൂർ പഞ്ചായത്തിൽ 1,44,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനും പുറമേ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 263 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

ഭൂരഹിത ഗ്രാമീണർക്കുള്ള ഭവന നിർമ്മാണ പദ്ധതി

1700 [2553] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ഗ്രാമീണർക്ക് ഭവന നിർമ്മാണ പദ്ധതിപ്രകാരം 1982 മേയ് മുതൽ 1986 സെപ്റ്റംബർ വരെ എത്ര വീടുകൾ നിർമ്മിച്ചു;

LIBRARY ARCHIVES Kerala Legislative Assembly